# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 56**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

ജൂൺ മാസം 5–ാം തീയതി ഞായറാഴ്ച നാം സഭയായി വൈദിക ദിനം ആചരിക്കുകയാണ്. അന്ന് നമ്മുടെ എല്ലാ വൈദീകരെയും ഓർത്ത് സ്തോത്രം ചെയ്യുകയും പ്രാർത്ഥിക്കുകയും വേണം. അവരുടെ ശുശ്രൂഷ പരിശുദ്ധാത്മ പ്രേരിതവും, ഏവർക്കും അനുഗ്രഹപ്രദവും ആയിത്തീരട്ടെ.

നമ്മുടെ വൈദീകരെയും അവരുടെ കുടുംബാംഗങ്ങളെയും രോഗാവസ്ഥയിൽ സഹായിക്കേണ്ട ചുമതല നമുക്കുണ്ട്. മരുന്നിന്റെയും ചികിത്സയുടെയും ചെലവുകൾ അനുദിനം നിയന്ത്രണാതീതമായി വർദ്ധിച്ചുവരികയാണ്. ചികിത്സയിൽ അച്ചന്മാരെ സഹായിക്കുന്നതിനു വേണ്ടിയാണ് പട്ടക്കാരുടെ ചികിത്സാ സഹായ നിധി ശേഖരിക്കുന്നത്. ഓരോ പട്ടക്കാരനും, അദ്ദേഹം ശുശ്രൂഷ ചെയ്യുന്ന ഇടവക/സ്ഥാപനം അടിസ്ഥാന ശമ്പളത്തിന്റെ 4% വീതം വരിസംഖ്യയായി ചികിൽസാസഹായ പദ്ധതിയിലേക്ക് അതാത് മാസത്തിന്റെ 30–ാം തീയതിക്കു മുമ്പായി സഭാ ഓഫീസിൽ അടയ്ക്കേണ്ടതാണ്. മാസവരി മുൻകൂറായി അടയ്ക്കാവുന്നതാണ്. സജീവ സേവനത്തിലുള്ള എല്ലാ പട്ടക്കാരും ഈ ചികിത്സാസഹായ പദ്ധതിപ്രകാരം തങ്ങളുടെ വിഹിതം നിർബന്ധമായും അടയ്ക്കേണ്ടതാണ്. കുടിശ്ശിക ഇല്ലാതെ കൃത്യമായി വരിസംഖ്യ അടയ്ക്കുന്ന പട്ടക്കാർക്ക് മാത്രമേ ഈ നിധിയിൽനിന്നും സഹായധനം ലഭിക്കുകയുള്ളു എന്നും അനുസ്മരിപ്പിക്കട്ടെ. സജീവ സേവനത്തിൽ ഇല്ലാത്ത പട്ടക്കാരുടെ വിഹിത ക്രമീകരണം മുൻ പതിവുപോലെ നൽകാവുന്നതാണ്.

വർദ്ധിച്ചു വരുന്ന ചികിത്സാ ചെലവ് കാരണം 2022 ഫെബ്രുവരി 11 മുതൽ OP ചികിത്സയുടെ സഹായധനം 25,000 രൂപായിൽ നിന്നും 35,000 രൂപായായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ IP ചികിത്സയുടെ സഹായധനം ഗ്രൂപ്പ് ഇൻഷുറൻസിലൂടെ വർദ്ധിപ്പിക്കുന്നതിന് വിവിധ കമ്പനികളുമായി ആലോചന ചെയ്തുവരുന്നു. ഇതു നടപ്പിലാകുന്നതുവരെ നിലവിലെ സഹായം തുടരുന്നതാണ്.

ജൂൺ മാസം 5–ാം തീയതി ഞായറാഴ്ച ശുശ്രൂഷാമദ്ധ്യേ കവറുകളിലും അല്ലാതെയും ലഭിക്കുന്ന സ്തോത്രകാഴ്ച പൂർണ്ണമായും, ഇതിനായി ശേഖരിക്കുന്ന പ്രത്യേക സംഭാവനകളും താമസംവിനാ സഭാ ഓഫീസിൽ അടയ്ക്കുന്നതിന് ചുമതലക്കാർ ശ്രദ്ധിക്കണം. സ്തോത്രകാഴ്ച ഇനത്തിൽ ഈ വർഷം 40 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്. സ്തോത്രകാഴ്ചയിൽ എല്ലാവരും ഉദാരമായി സഹകരിക്കണം.

പ്രിയരെ, നമ്മുടെ പട്ടക്കാർ ശരീരത്തിലും മനസ്സിലും ആത്മാവിലും കൂടുതൽ ശക്തി പ്രാപിച്ച് സഭയിലും ലോകത്തിലും ദൈവനാമ മഹത്വത്തിനായി പ്രവർത്തിപ്പാൻ ആവശ്യമായ കൃപകൾ ദൈവം ചൊരിയട്ടെ എന്ന് പ്രാർത്ഥിക്കാം.

കൃപ നിങ്ങളോട് ഏവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2022 മേയ് 5–ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

**FROM THE APOSTOLIC SEE OF MALANKARA**
**METROPOLITAN DR. THEODOSIUS MAR THOMA**

**Circular No. 56**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Beloved in Christ,

We, as a Church observe the Clergy Day on Sunday, 5 June 2022. On that day, we should remember our Clergy in our prayers and thank God for them. May their service be inspired by the Holy Spirit and be a blessing to everyone.

*We have the responsibility to help our clergy and their families when they fall sick. The cost of medicine and treatment is increasing day by day. For many, it is beyond their means. It is to help Achens meet their medical expenses that we raise a special fund called the Medical Aid Scheme. Every clergy and the Parish or institution where he is working should remit 4% each of the basic pay (total 8%) towards the Scheme as a monthly subscription before the 30$^{th}$ of every month. Subscriptions can be paid in advance. The clergy in active service are directed to remit their share towards the Medical Aid Scheme without fail.* It is to be noted that the medical claims of defaulters will not be processed at any cost. The present mode of remittances of retired clergy in this regard will be continued.

Due to the increase in medical expenses, since 11 February 2022, the OP treatment reimbursement has been increased to Rs. 35,000.00. In addition, to meet the increase in IP reimbursement, discussions are being held with Health Insurance Companies. The current reimbursement scheme will continue until the new scheme is brought into effect.

The parish office bearers must ensure that the entire offertory received, both in special envelopes and otherwise during the service on 5 June, along with special contributions if any, should be remitted promptly to the Sabha Office without delay. This year Rs. 40 lakhs is expected as the offertory. All should participate generously in the offertory.

Beloved, let us pray that God may shower on our ordained ministers the grace they need to work for His glory, endowed with greater strength of body, mind and soul.

Grace be with you all.

Dated 5 May 2022, from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**